വർദ്ധിച്ചു. ഇതിൽ പ്രധാനപ്പെട്ടവ സമുദ്രോൽപ്പന്നങ്ങളം, കുരുമുളക്, കശുവണ്ടിപ്പരിപ്പ്, തേയില, കാപ്പി, കയർ, കയറുൽപ്പന്നങ്ങളം മുതലായവയായിരുന്നു.

1977-78-ലെ കണക്കുകൾ

നടപ്പുവർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് വ്യക്തമാക്കിയിരുന്നതുപോലെ 1977-78-ാമാണ്ട് അവസാനിക്കുമ്പോൾ 45 കോടിയിലധികം കമ്മി പാടില്ലെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. 1977-78-ലെ കണക്കുകളനുസരിച്ച് ആണ്ടവസാനത്തെ കമ്മി 15 കോടി രൂപയാണ്—അതായത് പ്ലാനിംഗ് കമ്മീഷൻ പ്രതീക്ഷിച്ചതിൽനിന്നും എത്രാണ്ട് 30 കോടി കുറവ്. റവന്യൂ അക്കൗണ്ടിലെ വരവ് 445 കോടി രൂപയും ചെലവ് 416 കോടി രൂപയും റവന്യൂ മിച്ചം 29 കോടി രൂപയുമായിരുന്നു. മൂലധനച്ചെലവ് 73 കോടി രൂപയും വായ്പകളും മുൻകൂറുകളും ഇനത്തിലെ ചെലവ് 26 കോടി രൂപയുമായിരുന്നു. വരവിനങ്ങളിലെ വർദ്ധനവും വ്യയനിയന്ത്രണവുംകൊണ്ടാണ് കമ്മി ഇത്ര കുറച്ചുകൊണ്ടുവരുവാൻ ഗവൺമെൻറിനു കഴിഞ്ഞത്. പദ്ധതി ച്ചെലവിൽ അൽപ്പവും കുറവു വരുത്തിയതുമില്ല. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 136 കോടി രൂപയുടെ പദ്ധതി വളരെ വർദ്ധിപ്പിക്കുവാൻ നമുക്കു കഴിഞ്ഞു. 1977-78ലെ സംസ്ഥാന പദ്ധതിച്ചെലവ് 166 കോടി രൂപയായിരുന്നു.

1978-79-ലെ പുതുക്കിയ എസ്റ്റിമേറ്റ്

1978 മാർച്ചിൽ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രകാരം, 1978-79 ൽ 468 കോടി രൂപയുടെ റവന്യൂ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇത് 505 കോടി രൂപയായിരിക്കും. റവന്യൂ അക്കൗണ്ടിലെ ചെലവ് 473 കോടി രൂപയിൽനിന്ന് 495 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം ജീവനക്കാർക്കു നൽകിയ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു വേണ്ടിവന്ന അധികച്ചെലവ് റോഡ് മെയിൻറനൻസ് പോലെയുള്ള പ്രധാന ഇനങ്ങളിലെ കൂടുതൽ ചെലവ് എന്നിവ കാരണമാണ് ഈ വർദ്ധനവുണ്ടായത്. സംസ്ഥാന പദ്ധതി ചെലവ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന 184 കോടി രൂപയുടെ സ്ഥാനത്ത് 195 കോടി രൂപയായി വർദ്ധിക്കുന്നതാണ്. ഇതിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രഗവൺമെൻറ് നൽകിയ 11 കോടി രൂപയുടെ പ്ലാൻ സഹായവും ഉൾപ്പെടുന്നു. നടപ്പുവർഷത്തെ മൊത്തം കമ്മി 21 കോടി രൂപയായി കണക്കാക്കിയിരുന്നുവെങ്കിലും പുതുക്കിയ അടങ്കലനുസരിച്ച് 4 കോടിരൂപയുടെ മിച്ചമാണ് പ്രതീക്ഷിക്കുന്നത്. വർഷാരംഭമുണ്ടായിരുന്ന 15 കോടി രൂപയുടെ കമ്മി നികത്തുവാനായി കേന്ദ്രഗവൺമെൻറ് വായ്പ തരാമെന്ന് സമ്മതിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly